

സുനിൽ ഉപാസന
8281197641

# ഒരു ബധിരന്റെ ആത്മകഥാ കുറിപ്പുകൾ 19



## ട്രെയിൻ എന്ന വൈകാരിക മീഡിയം

ചിത്രീകരണം - ശ്രീകുമാർ മാവൂർ

**2012** ഒക്ടോബർ - നവംബർ മാസങ്ങൾ എന്നെ സംബന്ധിച്ചു പ്രധാനമായിരുന്നു. 'ഒരു ബധിരന്റെ ആത്മകഥാ കുറിപ്പുകൾ' എന്നിൽ പിച്ചവച്ചു തുടങ്ങിയ സമയം. ഒപ്പം ഞാൻ ചില ചോദ്യങ്ങൾ സ്വയം ചോദിച്ചു. 'എന്റെ മുന്നേറ്റം ശരിയായ പാതയിലൂടെയാണോ?, ചുറ്റിലുമുള്ള സുന്ദര ദൃശ്യങ്ങൾ കാത്തിരിക്കുന്ന യഥാർത്ഥ ചിത്രത്തെ കണ്ടറിയുന്നതിൽനിന്നു എന്നെ തടയുന്നുണ്ടോ?'.. എന്നിങ്ങനെ. കൂലംകഷമായി ആലോചിക്കേണ്ടി വന്നില്ല. ചോദ്യങ്ങളിൽ കഴമ്പുണ്ടെന്നു ഒറ്റനോട്ടത്തിൽ എനിക്കു മനസ്സിലായി. കമ്പനിയിൽ തുടർന്ന കാലയളവിൽ നിർണായക നേട്ടങ്ങൾ ഇല്ലായിരുന്നു. ചുറ്റുമുള്ള കാഴ്ചകൾ യാഥാർത്ഥ്യത്തെ മൂന്നേമുക്കാൽ കൊല്ലം എന്നിൽ നിന്നു മറച്ചു പിടിച്ചിരിക്കുകയായിരുന്നു. ഞാൻ നിരാശനായി. പലരാലും, പലതിനാലും സമർത്ഥമായി കബളിക്കപ്പെട്ടിരിക്കുന്നു. അപ്പോൾ അധികം വൈകിപ്പിക്കാതെ ആ അരങ്ങ് ഒഴിഞ്ഞു. ആരും അരുതെന്നു പറഞ്ഞു വിലക്കിയില്ല. ആരും അനുമോദിച്ചുമില്ല. വേർപാടിനു എന്നിലും മറ്റുള്ളവരിലും പതിവ് നിസ്സംഗഭാവമായിരുന്നു. അതും നന്ന്.

ഐലാന്റ് എക്സ്പ്രസ്സിൽ നാട്ടിലേയ്ക്കു പോവുകയാണ്. സാധാരണ ദിവസമായിട്ടും ട്രെയിനിൽ നല്ല തിരക്ക്. വെറും നിലത്ത്, എന്റെ അടുത്തിരിക്കുന്നത് ഒരു വൃദ്ധനാണ്. മുഷിഞ്ഞ ലുങ്കിയും കീറഷർട്ടും ധരിച്ച ഒരു അപ്പൂപ്പൻ. കുഴിഞ്ഞ കണ്ണുകൾ. വലിയ ശാരീരിക അവശത ഇല്ലെങ്കിലും ദയനീയൻ. മാനസികവ്യഥ ഏറെ അനുഭവിക്കുന്നുണ്ടെന്നു വ്യക്തം. അദ്ദേഹം എന്റെ മുഖത്തേയ്ക്കു നിർവികാരനായി നോക്കി. ടോയ്‌ലറ്റിൽനിന്ന് വരുന്ന മൂത്രഗന്ധത്തെ അവഗണിച്ച് ഞങ്ങൾ ആടിക്കുലുങ്ങി യാത്ര ചെയ്തു. കയ്യിൽ കരുതിയിരുന്ന വീക്കിലി ഞാൻ ഇടയ്ക്കു അലസമായി മറിച്ചു നോക്കി.

സേലം കഴിഞ്ഞപ്പോൾ ഞാൻ വാതിലിനരുകിലേക്കു നീങ്ങിയിരുന്നു. കാലുകൾ ചമ്രം പടിഞ്ഞുവച്ചു. തണുപ്പ് ശരീരത്തിലേക്കു അരിച്ചരിച്ചു കയറി. ഇരുട്ടിലേയ്ക്കു ഓടിമറയുന്ന നിഴലുകളെ നോക്കി ഞാനിരുന്നു. അങ്ങകലെ വയലുകളുടെ വരമ്പത്ത് തലയുയർത്തി നിൽക്കുന്ന കരിമ്പനകൾ 'ഇതിഹാസ' സ്മരണകൾ ഉണർത്തി.

ട്രെയിൻ ഈറോഡിൽ നിന്നു പുറപ്പെട്ടപ്പോൾ ഞാൻ ഒരു ചൂടുചായ വാങ്ങി. തണുപ്പ് അധികരിച്ചിരിക്കുന്നു. ചായ മൊത്താൻ കപ്പ് ഉയർത്തുമ്പോൾ എന്തുകൊണ്ടോ എന്റെ മിഴികൾ പിന്നിലേയ്ക്കു ചലിച്ചു. വൃദ്ധൻ അവിടെത്തന്നെയുണ്ട്. തണുപ്പത്ത് കൂനിക്കൂടി ഇരിക്കുകയാണ്.

ഒരു ജ്ഞാനിയേപ്പോലെ ഞാൻ തിരിച്ചറിഞ്ഞു. ആ കണ്ണുകളിൽ എന്നെപ്പറ്റി പ്രതീക്ഷയുണ്ട്!

ട്രെയിൻ വേഗതയെടുക്കുകയായിരുന്നു. എന്നെ തഴുകുന്ന കാറ്റിനും ശക്തിയേറി. ഭൂതകാലത്തിന്റെ കുളിരുള്ള ആ കാറ്റിൽ ഞാനെന്റെ അമ്മയുടെ ദയനീയ ശബ്ദത്തിന്റെ അലയൊലികൾ കേട്ടു.

"പഞ്ചാര ഇല്ലെങ്കി അമ്മ എന്താ മോനേ ചെയ്യാ. മോനീ കാപ്പി കുടി."

കാഴ്ചകളെ മറച്ച് എന്റെ കണ്ണുകൾ നിറഞ്ഞു. ചായക്കപ്പ് ഞാൻ പിന്നിലേയ്ക്കു നീട്ടി. അവിടെ സന്തോഷം. സംതൃപ്തി.

ഞാൻ കൂപ്പുകുത്തി, മനസ്സിൽ എരിയുന്ന കുറേ സ്മരണകളിലേക്ക്.

******* *******

മഴയെപ്പറ്റി പലരും ഒരു പ്രത്യേക അഭിപ്രായം പ്രകടിപ്പിച്ചു കണ്ടിട്ടുണ്ട്. എല്ലാ മാനുഷിക വികാരങ്ങളും, അതിന്റെ പൂർണാർത്ഥത്തിൽ, മറ്റുള്ളവരിലേക്കു സന്നിവേശിപ്പിക്കാൻ മഴ നല്ല മീഡിയം ആണത്രെ. അതാണ് അവരുടെ മതം. ഇവിടെ, മാനുഷികവികാരങ്ങൾ എന്നതിൽ സങ്കടം, സന്തോഷം., എന്നിങ്ങനെ എന്തും ഉൾപ്പെടാം. സിനിമാരംഗത്ത് ഈ 'മഴ വിശ്വാസം' നന്നായുണ്ട്. എത്രയോ സിനിമകളുടെ ക്ലൈമാക്സുകളിൽ നാം മഴ കണ്ടിരിക്കുന്നു. സിനിമയിലെ മറ്റു രംഗങ്ങളിൽ ഒരു ചാറ്റൽമഴ പോലുമില്ലെങ്കിലും ക്ലൈമാക്സിൽ മഴ ഉണ്ടാകും. ഇതെല്ലാം സൂചിപ്പിക്കുന്നത് മഴ എന്ന പ്രകൃതി പ്രതിഭാസത്തിന്റെ സംവേദനക്ഷമതയാണ്. മാനുഷികവികാരങ്ങൾ മഴയെന്ന മീഡിയത്തിലൂടെ മറ്റുള്ളവരിലേക്കു കടത്തിവിടുമ്പോൾ വികാരങ്ങൾക്കു കൂടുതൽ മിഴിവുണ്ടാകും. വികാരങ്ങൾ കൂടുതൽ ഭാവതീവ്രമാകും. തീവ്രതയുടെ ഉദ്ദീപകനാണ് മഴ.

ഇത്രയും പറഞ്ഞതിൽനിന്നു, മഴ മാത്രമേ ഇങ്ങിനെയൊരു മീഡിയമായുള്ളൂ എന്ന് കരുതരുത്. എന്റെ ജീവിതത്തിൽ ഞാൻ രണ്ടാമതൊന്ന് കൂടി അനുഭവിച്ചറിഞ്ഞിട്ടുണ്ട് ട്രെയിൻ യാത്ര! പതിനഞ്ചു കൊല്ലമായി ട്രെയിനിൽ അടിക്കടി യാത്ര ചെയ്യുന്ന വ്യക്തിയാണ് ഞാൻ. മാസത്തിൽ ഒരു തവണയെങ്കിലും യാത്ര സുനിശ്ചിതം. ഇതിനിടയിലാണ് ട്രെയിൻ ഒരു വൈകാരിക മീഡിയമാണെന്നും, അതിനു സംവേദനക്ഷമതയുണ്ടെന്നും ഞാൻ മനസ്സിലാക്കുന്നത്.

എന്റെ ആദ്യത്തെ ദീർഘദൂര ട്രെയിൻയാത്ര പത്തൊമ്പതാമത്തെ വയസ്സിലായിരുന്നു. ഹോളിസ്റ്റിക് ചികിൽസക്കായി ചാലക്കുടിയിൽ നിന്നു തിരുവനന്തപുരം വരെ യാത്ര ചെയ്തു. അക്കാലത്ത് ഞാൻ പോളിടെക്നിക്കിൽ അവസാന വർഷ വിദ്യാർത്ഥിയാണ്. ആദ്യടേമിലെ ഒരു മാസത്തെ ക്ലാസുകൾ ഒഴിവാക്കിയാണ് ചികിത്സയ്ക്കു പോയത്. ആ യാത്ര രസകരമായിരുന്നു. മനസ്സിലെ മാനംമുട്ടുന്ന പ്രതീക്ഷ തന്നെ കാരണം.

പക്ഷേ, നാലാഴ്ചത്തെ ഹോളിസ്റ്റിക് ചികിൽസ മനസ്സിനെ തകർത്തുകളഞ്ഞു. എന്റെ ആത്മവിശ്വാസത്തേയും വല്ലാതെ മുറിവേൽപ്പിച്ചു. ഞാൻ ഒരു വ്യക്തിയാണ്, അതിന്റേതായ പ്രാധാന്യം എനിക്കുണ്ട് എന്ന ആത്മവിശ്വാസം പോയ്പോയി. കോളേജ് പഠനകാലത്താണ് ഈ വിശ്വാസക്ഷയം സംഭവിച്ചു തുടങ്ങിയത്. എന്നാൽ, പോളിടെക്നിക്കിലെ ആദ്യവർഷങ്ങളിൽ ആത്മവിശ്വാസം കുറേയൊക്കെ ഞാൻ തിരിച്ചുപിടിച്ചിരുന്നു. ഹോളിസ്റ്റിക് ചികിത്സ അതിനെ തച്ചുടച്ചു.

> “
> **മാനുഷികവികാരങ്ങൾ മഴയെന്ന മീഡിയത്തിലൂടെ മറ്റുള്ളവരിലേക്കു കടത്തിവിടുമ്പോൾ വികാരങ്ങൾക്കു കൂടുതൽ മിഴിവുണ്ടാകും. വികാരങ്ങൾ കൂടുതൽ ഭാവതീവ്രമാകും. തീവ്രതയുടെ ഉദ്ദീപകനാണ് മഴ.**
> ”

മടക്കയാത്രയിൽ സഹോദരനായിരുന്നു ഒപ്പം. യാത്രയയ്ക്കാൻ സ്റ്റേഷൻ വരെ വിൽസൻ കൂടെവന്നു. ഉച്ചയ്ക്കു ശേഷമുള്ള ചെന്നൈ മെയിലിൽ, ജനറൽ കമ്പാർട്ട്മെന്റിലെ തിരക്കിൽ ഞാൻ ആടിയുലഞ്ഞു നിന്നു. സഹോദരൻ അല്പം അകലെയായിരുന്നു. സങ്കടം കൊണ്ട് എന്റെ കണ്ണുകൾ ഇടവിട്ട് നിറഞ്ഞു തുളുമ്പി. ശുഭപ്രതീക്ഷകൾ ഉടഞ്ഞിരിക്കുന്നു. ലഗേജ് നിരയുടെ കമ്പിയിൽ പിടിച്ചുനിന്നിരുന്ന ഞാൻ, കയ്യെടുക്കാതെ തന്നെ ഷർട്ടിന്റെ കൈകൊണ്ട് മുഖംതുടച്ചു. എന്നിൽ ദുഃഖം സാന്ദ്രീകരിക്കുകയായിരുന്നു. അതിശയമെന്നേ പറയേണ്ടൂ, അതെന്നിൽ ഒരുതരം ആശ്വാസവും ഉളവാക്കി. ദുഃഖം കനംകെട്ടി നിൽക്കുന്ന അവസ്ഥയിലും ഒരു ശാന്തഭാവം എന്നിലുണ്ടായി. അതെങ്ങിനെ വന്നു എന്നറിയില്ല. ഒരുപക്ഷേ, ആരും അസ്വസ്ഥതയുടേയോ പ്രശ്നങ്ങളുടേയോ തരി പോലുമില്ലാത്ത മാനസികാവസ്ഥ ആഗ്രഹിക്കുന്നില്ലായിരിക്കാം. കുറച്ചു ദുഃഖം ഏവർക്കും ആവശ്യമാണ്. അത് പലതരത്തിൽ അമൂല്യവുമാണ്. ഒരു മനുഷ്യന്റെ മുന്നോട്ടുള്ള വഴിയെ നിശ്ചയിക്കുന്നത് സന്തോഷത്തേക്കാൾ ദുഃഖമായിരിക്കും. പൂർത്തീകരിക്കപ്പെടാത്ത ഒന്ന് ദുഃഖത്തിൽ അന്തർലീനമാണ്. അപ്പോൾ പൂർത്തീകരണത്തിനു വേണ്ടിയുള്ള പരിശ്രമം മനുഷ്യനിലെ ആക്ടിവിറ്റിയെ കുറിയ്ക്കുന്നു. ഒന്നും പൂർത്തീകരിക്കാനില്ലാത്ത, എല്ലാം നിറവേറ്റപ്പെട്ട അവസ്ഥ കഷ്ടമാണ്. നിഷ്ക്രിയത്വത്തിന്റെ ഉറവിടമാണത്.

സന്താപത്തിനിടയിൽ അനുഭവപ്പെടുന്ന ശാന്തഭാവം, അല്ലെങ്കിൽ ആശ്വാസകരമായ അവസ്ഥ, ഞാൻ പിൽക്കാലത്തും അനുഭവിച്ചിട്ടുണ്ട്. അതിന്റെ കാരണം സൈക്കോളജിക്കൽ ആണെന്നേ കരുതാനാകൂ. മറ്റുള്ളവരുടെ അവഗണന പോലും അതിനിസ്സാരനായ ഒരുവന്റെ ജീവിതത്തിനു അല്പം മൂല്യം കൊടുക്കുന്നുണ്ട്. ശ്രവണപ്രശ്നമുള്ളവരെ സംബന്ധിച്ച് ഇത് വളരെ പ്രധാനമാണ്. സംസാരിക്കാൻ ആളെ ലഭ്യമല്ലാത്ത അവസ്ഥയിൽ പെട്ടുഴലുമ്പോൾ, ആരുടെയെങ്കിലും കളിയാക്കലോ ചീത്തപറച്ചിലോ പോലും ഒരുതരം ആശ്വാസമാണ്. വാക്കാലും പ്രവൃത്തിയാലുമുള്ള മറ്റുള്ളവരുടെ നെഗറ്റീവ് സമീപനം, വാചികമായി ഒറ്റപ്പെട്ടു കഴിയുന്നവരെ അൽപം ഉൽസുകരാക്കും. ഒരാൾ നെഗറ്റീവായിട്ടാണെങ്കിലും ഇടപെടുന്നു എന്ന വസ്തുത അവരെ സംബന്ധിച്ച് ആകർഷകമാണ്. തങ്ങൾക്കു ഒരു വ്യക്തിത്വമുണ്ടെന്ന ബോധം അവരിലപ്പോൾ സജീവമാകും. നിരന്തര അവഗണന വഴിയുണ്ടാകുന്ന സ്വത്വശോഷണത്തിനും, പ്രാധാന്യമില്ലായ്മക്കും സംഭാഷണം (ശകാരം പോലും) തടയിടുമെന്ന് ചുരുക്കം. എന്നാൽ സ്വത്വപ്രശ്നം ഇല്ലാത്തവർക്കു ശകാരം അരോചകമായിരിക്കുമെന്ന് പറയേണ്ടതില്ലല്ലോ.

തിരുവനന്തപുരം മുതൽ ആലുവ വരെയുള്ള ദൂരം ഞാൻ സഹോദരനിൽ നിന്ന് അകന്നുനിന്നു. മാനസിക വിക്ഷോഭം നിയന്ത്രിക്കാനാകാത്തതായിരുന്നു പ്രശ്നം. ട്രെയിനിൽ കയറുന്നതിനുമുമ്പ് ഗ്ലാനത ഉണ്ടായിരുന്നെങ്കിലും അത് നിയന്ത്രണവിധേയമായിരുന്നു. എന്നാൽ യാത്ര ആരംഭിച്ചതോടെ എല്ലാം കീഴ്മേൽ മറിഞ്ഞു. അനുഭവങ്ങളുടെ രൂക്ഷത മാത്രമല്ല, ട്രെയിൻ എന്ന മീഡിയവും കാരണമാണെന്ന് പിന്നീട് ഞാൻ മനസ്സിലാക്കി.

കമ്പ്യൂട്ടർ ഹാർഡ്‌വെയറിൽ ഡിപ്ലോമ നേടിയശേഷം ജോലിക്കായി

വീണ്ടും തിരുവനന്തപുരത്തു വരേണ്ടി വന്നു. ഒന്നേകാൽ വർഷം നീണ്ട താമസം. ഇക്കാലയളവിൽ പല ട്രെയിനുകളിൽ കയറിയിറങ്ങി. അഞ്ചു മണിക്കൂർ നീളുന്ന യാത്രയിൽ ഉടനീളം സ്ഥായിയായ വിഷാദം എന്നെ ചൂഴ്ന്നു നിന്നു. ഓരോ യാത്രയിലും ആലോചിച്ച് സങ്കടപ്പെടാൻ കുറേ സ്മരണകൾ ഉണ്ടായിരുന്നു. ഒരുപക്ഷേ എനിക്കു മാത്രമല്ല, ഒറ്റയ്ക്കു യാത്ര ചെയ്യുന്ന മിക്ക വികലാംഗർക്കും, എല്ലാ ദുഃഖിതർക്കും ഇങ്ങിനെയാകാം. ഇത്തരം ഓർമകൾ ഒഴിവാക്കാൻ ഞാൻ വാതിൽക്കൽ വന്നിരിക്കും. ഓടിമറയുന്ന ദൃശ്യങ്ങളെപ്പോലെയാകട്ടെ എന്നിലെ ഓർമകൾ എന്ന് ഞാൻ സ്വയം ആജ്ഞാപിക്കും. അടിക്കടി മാറിമറയുന്ന ഓർമകൾ. പക്ഷേ അതെല്ലാം ആജ്ഞകളായി തന്നെ തുടർന്നു.

അത്തരമൊരു തിരുവന്തപുരം ആലുവ യാത്രയിലാണ് ഞാൻ അനിയെ കണ്ടുമുട്ടുന്നത്. രാത്രി പത്തേമുക്കാലിനു യാത്ര പുറപ്പെടുന്ന കണ്ണൂർ എക്സ്പ്രസ്സ്. വെളുപ്പിനു നാലുമണിയോടെ ആലുവയിൽ എത്താം. തിരക്കുണ്ടായിരുന്നാൽ എനിക്കു സീറ്റ് കിട്ടിയില്ല. ഞാൻ ട്രെയിനിന്റെ വാതിൽക്കൽ കാലുകൾ പുറത്തേക്കു വച്ച് ഇരുന്നു. മനസ്സിൽ ആലോചനകളുടെ തിരയിളക്കം. എന്റെ ചില ട്രെയിൻ യാത്രകൾ വിശേഷ ദിവസങ്ങളുടെ തലേന്നോ അതിനു മുമ്പുള്ള ദിവസമോ ആയിരിക്കും. അപ്പോൾ വീട്ടുകാർക്കും മറ്റും എന്തെങ്കിലും വാങ്ങിക്കൊണ്ടു പോകാൻ പറ്റാത്തതിന്റെ സങ്കടം യാത്രയിൽ കൂട്ടിനുണ്ടാകും.

അനിയെ കണ്ടുമുട്ടിയ രാത്രി, ട്രെയിനിന്റെ വാതിൽപടിയിൽ ഇരിക്കുമ്പോൾ, നിറവേറ്റപ്പെടാത്ത ഒരു ആഗ്രഹത്തെ ഓർത്ത് ഞാൻ മ്ലാനവദനായിരുന്നു. ഒരാൾ അരികിൽ വന്നിരുന്നത് ഞാനറിഞ്ഞില്ല. അപരനും മറ്റൊരാൾ അടുത്തിരിക്കുന്നെന്ന ഭാവം കാണിച്ചില്ല. കുറച്ചു സമയം കഴിഞ്ഞ്, ഇരുളിലേക്കു മിഴി നട്ടിരിക്കുന്ന ഞങ്ങളുടെ കാലിൽ ഏതാനും വെള്ളത്തുള്ളികൾ പതിച്ചു. കമ്പിയിൽ പിടിച്ചിരുന്ന കയ്യിലും വെള്ളത്തുള്ളികൾ വീണു. ഞാൻ സന്തോഷിച്ചു; മഴയും ട്രെയിനും അപാര കോമ്പിനേഷൻ ആണ്. പക്ഷേ, എനിക്കരുകിൽ ഇരുന്ന വ്യക്തി പെട്ടെന്ന് ക്ഷുഭിതനായി. അദ്ദേഹം കാൽ കുടഞ്ഞ് വെള്ളം തെറിപ്പിച്ച്, ആരോടെന്നില്ലാതെ ശാപവാക്കുകൾ ചൊരിഞ്ഞു. എന്നാൽ അദ്ദേഹത്തിന്റെ ഒരു വാക്കിനും വ്യക്തതയില്ലായിരുന്നു. അദ്ദേഹം ബധിരനും മൂകനുമായ വ്യക്തിയാണെന്ന് ഞാൻ മനസ്സിലാക്കി.

> “ തിരുവനന്തപുരം മുതൽ ആലുവ വരെയുള്ള ദൂരം ഞാൻ സഹോദരനിൽനിന്ന് അകന്നുനിന്നു. മാനസിക വിക്ഷോഭം നിയന്ത്രിക്കാനാകാത്തതായിരുന്നു പ്രശ്നം. ട്രെയിനിൽ കയറുന്നതിനുമുമ്പ് മ്ലാനത ഉണ്ടായിരുന്നെങ്കിലും അത് നിയന്ത്രണ വിധേയമായിരുന്നു. ”

അപരന്റെ ക്ഷോഭം ന്യായമായിരുന്നു. വെള്ളത്തുള്ളികൾ മഴയുടേതല്ലായിരുന്നു. ജനലരുകിൽ ഇരുന്ന ആരോ കൈ കഴുകിയ വെള്ളമാണ് ഞങ്ങളുടെ കാലുകളിൽ പതിച്ചത്. അപരൻ അസ്പഷ്ടമായ ശബ്ദത്തിൽ ദേഷ്യപ്പെടുന്നത് പിന്നേയും കുറേനേരം തുടർന്നു. ഒടുക്കം ശാന്തനായി, ഇരുട്ടിലേക്കു തുറിച്ചുനോക്കി ഇരുന്നു. മറ്റൊരുവന്റെ സാമീപ്യം തിരിച്ചറിഞ്ഞത് അപ്പോഴാണ്. അദ്ദേഹം ഞാനെവിടേക്കു പോകുന്നെന്ന് ആംഗ്യത്തിൽ ചോദിച്ചു. എങ്ങിനെ മറുപടി പറയണമെന്നു ആലോചിച്ച് ഞാൻ പതറി. (എന്നോടു ആദ്യമായി സംസാരിക്കുന്നവരിലും ഈ പതർച്ച ഞാൻ കണ്ടിട്ടുണ്ട്). ഞാൻ കൈത്തലത്തിൽ ആലുവ എന്നു എഴുതിക്കാണിക്കാൻ തുനിഞ്ഞെങ്കിലും അദ്ദേഹം തടഞ്ഞു. അദ്ദേഹം ആഗ്രഹിക്കുന്നത് എന്താണെന്നു ശ്രവണന്യൂനതയുള്ള എനിക്കു പെട്ടെന്നു മനസ്സിലായി. കാരണം, അദ്ദേഹം ആഗ്രഹിക്കുന്ന പെരുമാറ്റം, ഞാനും മറ്റുള്ളവരിൽ നിന്ന് ആഗ്രഹിച്ചിട്ടുണ്ട് ആംഗ്യം കാണിക്കാതെ സംസാരിച്ച് കാര്യം ബോധ്യപ്പെടുത്തുക.

ഞാൻ രണ്ടു തവണ മീഡിയം ശബ്ദത്തിൽ ആലുവ എന്നു പറഞ്ഞു. അത് ശ്രദ്ധിച്ചു കേൾക്കാതെ അദ്ദേഹം എന്നോടു, ചെവിയോടു അടുപ്പിച്ച് പറയുക എന്നു ആഗ്യം കാണിച്ചു. ഞാൻ അതുപോലെ ചെയ്തു. സാധാരണ ശബ്ദത്തിൽ ആലുവ എന്നു ചെവിയിൽ പറഞ്ഞു. ഒരു തവണയേ പറയേണ്ടി വന്നുള്ളു. അദ്ദേഹം എന്റെ കൈത്തലത്തിൽ 'ആലുവ' എന്നു എഴുതിക്കാണിച്ചു. ഞാൻ പതുക്കെ പറഞ്ഞത് അദ്ദേഹം കേട്ടു! അടുത്തതായി, ചോദിക്കാതെ തന്നെ അദ്ദേഹം കൈത്തലത്തിൽ എഴുതി 'അനി. കൊല്ലം'. അതാണ് പേരും സ്ഥലവും. അനി എന്ന പേര് ഞാൻ എവിടേയും കുറിച്ചു വച്ചിരുന്നില്ല. ഈ അധ്യായം എഴുതുമ്പോൾ, മനസ്സിൽ തന്നെത്താൻ ആ പേര് തെളിഞ്ഞു വരികയായിരുന്നു. മനസ്സിൽ തുളച്ചു കയറിയ ഒരു പേര്. അല്ലാതെ, കുറേ കൊല്ലങ്ങൾക്കു ശേഷവും ആ വാക്ക് ഓർത്തിരിക്കാൻ ഞാൻ കാരണമൊന്നും കാണുന്നില്ല.

അനിയുമായുള്ള 'സംസാരം' എനിക്കു വളരെ പുതുമയുള്ളതായിരുന്നു. മറ്റുള്ളവരോടു സംവദിക്കുമ്പോൾ എന്റെ ആശയവിനിമയ കഴിവിനെ പരിമിതപ്പെടുത്താറുള്ള ശ്രവണന്യൂനത, അനിയുമായുള്ള സംഭാഷണത്തിൽ എന്നെ അലട്ടിയില്ല. അവിടെ ഞാൻ പൂർണതയുള്ള ഒരുവനായിരുന്നു. അനിയിലെ കൂടിയ അളവിലുള്ള ശ്രവണപ്രശ്നം, എന്നിൽ ശ്രവണപൂർണതയുടെ മാനസികഫലം ഉളവാക്കി. വളരെ വർഷങ്ങൾക്കു ശേഷമായിരുന്നു അത്തരമൊരു സ്ഥിതിവിശേഷം ഞാൻ അനുഭവിച്ചത്. സ്കൂൾകാലത്തു ശ്രവണന്യൂനത തുടങ്ങിയ ശേഷം ആദ്യമായി, പൂർണതയുള്ള ഒരുവന്റെ ആത്മവിശ്വാസത്തോടെ ഞാൻ ഇടപഴകി. അനിയോടു സംവദിക്കാൻ കേൾവിശക്തി ആവശ്യമില്ലായിരുന്നു. ഒരുവേള, ലോകത്തുള്ളവർ എല്ലാം എന്നേക്കാളും കൂടിയ അളവിൽ ശ്രവണപ്രശ്നം ഉള്ളവരാകാൻ ഞാൻ ആഗ്രഹിച്ചു പോയി.

അനിയുമായി ഞാൻ ഏറെനേരം സംസാരിച്ചു. അദ്ദേഹം ആരുമായോ വഴക്കുണ്ടാക്കി ഇറങ്ങിയതാണ്. സംസാരത്തിനിടയിൽ അനി പലപ്പോഴും വികാരവിക്ഷോഭനായി. തുടരെത്തുടരെ നിറഞ്ഞു വന്ന കണ്ണുകൾ അദ്ദേഹം തുടച്ചു. സ്കൂൾ-കോളേജ് പഠനകാലത്ത്, കരച്ചിൽ ഒരു ശീലമായിരുന്ന ഞാൻ, നിർവികാരനായി അത് നോക്കിയിരുന്നു. എനിക്കു അദ്ദേഹത്തിന്റെ മാനസികാവസ്ഥ മനസ്സിലാക്കാൻ പറ്റി. വികലാംഗരെന്ന സ്വത്വം ഞങ്ങളെ തമ്മിൽ കൂട്ടിയിണക്കി. മാനസിക സംവേദനത്തിനു അത് ധാരാളമായിരുന്നു.

(തുടരും)